പത്രക്കുറിപ്പ്
03-01-2018

## ഡിഡിയുജികെവൈ: ഇഷ്ട കോഴ്സ് ഇനി ഒറ്റ ക്ലിക്കിൽ, പരിശീലനാർത്ഥികൾക്കായി കൗശൽ പഞ്ചീ ആപ്പ്

തിരുവനന്തപുരം: ഗ്രാമീണ മേഖലയിലെ യുവതീയുവാക്കൾക്ക് പരിശീലനത്തോടൊപ്പം ജോലിയും ഉറപ്പാക്കുന്ന കേന്ദ്ര നൈപുണ്യ പരിശീലന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) ഒരു ക്ലിക്ക് അകലത്തിൽ. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ മൊബൈൽ ആപ്ലിക്കേഷൻ വഴിയും പരിശീലനാർത്ഥികൾക്ക് അംഗമാകാനാകും. കൗശൽ പഞ്ചി എന്ന പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ഇതിനായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. www.kaushalpanjee.nic.in എന്ന വെബ്സൈറ്റ് വഴിയും കുട്ടിക ൾക്ക് ഇനി ഈ പരിശീലന പരിപാടിയിൽ അംഗമാകാൻ അപേക്ഷിക്കാനാകും. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തയാറാക്കിയിരിക്കുന്ന ഈ ആപ്ലിക്കേഷൻ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോ ഡ് ചെയ്യാം.

ഒക്ടോബറിൽ പ്രവർത്തനം ആരംഭിച്ച കൗശൽ പഞ്ചി വഴി ഇതുവരെ കേരളത്തിൽ 20000 പരിശീലനാർത്ഥികൾ രജിസ്ട്രർ ചെയ്തു കഴിഞ്ഞു. പരിശീലനാർത്ഥികൾക്ക് ഈ ആപ്ലിക്കേഷൻ/ വെബ്സൈറ്റ് വഴി ഇഷ്ട കോഴ്സുകൾ തെരഞ്ഞെടുക്കാം, കൂടാതെ ഏത് പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളുടെ (പിഐഎ) കീഴിൽ പരിശീലനം നേടണമെന്നതും തെരഞ്ഞെടുക്കാനും കഴിയും. ഈ പദ്ധതിക്ക് കീഴിൽ ഇപ്പോൾ 45 പിഐഎകൾ 28 സെക്ടറുകളിലായി 103 വ്യത്യസ്ത ട്രേഡുകളിൽ പരിശീലനം നൽകുന്നു.

പരിശീലനം നേടുന്ന 70 ശതമാനം പേർക്കും ജോലി ഉറപ്പാക്കുന്ന ഡിഡിയുജികെവൈ പദ്ധതി വഴി ഇതുവരെ കുടുംബശ്രീ 27000 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. അതിൽ 15000 പേർക്ക് തൊഴിലും ലഭിച്ചു. 2016 മുതൽ 2019 വരെയുള്ള വർഷങ്ങളിലായി 51200 കുട്ടികൾക്ക് നൈപുണ്യ പരിശീലനം നൽകുകയാണ് കേരളത്തിൽ ഡിഡിയുജികെവൈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതിനായി കേന്ദ്രം 393 കോടി രൂപയും അനുവദിച്ചിരുന്നു. എന്നാൽ കുടുംബശ്രീയുടെ മികച്ച പ്രകടനം പരിഗണിച്ച് 2017-19 വർഷത്തിൽ 20000 യുവതീയുവാക്കൾക്ക് കൂടി പരിശീലനം നൽകുന്നതിനായി 198 കോടി രൂപ കൂടി കേന്ദ്രം കേരളത്തിന് അധികമായി അനുവദിക്കുകയും ചെയ്തിരുന്നു. ഏറ്റവും മികച്ച രീതിയിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ അവാർഡും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു.

അക്കൗണ്ടന്റ്, ബിസിനസ് കറസ്പോണ്ടന്റ്, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ഡിടിപി അസോസിയേറ്റ്, ഡൊമെസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ, സ്പാ തെറാപ്പിസ്റ്റ്, യോഗ ടീച്ചർ, ഡെന്റൽ സെറാമിക് അസിസ്റ്റന്റ്, ഡെന്റൽ സെറാമിക് ടെക്നീഷ്യൻ, ജൂനിയർ പ്രൊഡക്ഷൻ കെമിസ്റ്റ്, ട്രാവൽ കൺസൾട്ടന്റ് എന്നിങ്ങനെ നിരവധി വ്യത്യസ്തമായ ട്രേഡുകളിൽ ഡിഡിയുജികെവൈ പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കി ജോലി നേടുന്നവർക്ക് ശരാശരി 7000 രൂപ മാസശമ്പളം ലഭിക്കുന്നു. അടുത്ത ഘട്ടത്തിൽ എയറോസ്പേസ്- ഏവിയേഷൻ, ആർക്കിടെക്ചർ- സിവിൽ 2ഡി ഡ്രാഫ്ടിങ് വിത്ത് ഓട്ടോകാഡ്, ആർട്ടിഫിഷൽ ഇന്റലിജൻസ് ട്രെയ്നിങ്, തുടങ്ങിയ ട്രേഡുകളിൽ പരിശീല നം നൽകാനും കുടുംബശ്രീ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനത്തിന് പുറമെ വ്യക്തിത്വ വികസനം, കമ്പ്യൂട്ടർ, ഇംഗ്ലീഷ് പരിജ്ഞാനം, എന്നീ മേഖലകളിലും വിദഗ്ധ പരിശീലനം നൽകുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ